(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**S – 2835**

**Reg. No. : .............................**

**Name : ..................................**

## First Semester B.A./B.Sc./B.Com. Degree Examination, January 2024

## Career Related First Degree Programme under CBCSS

## Language Course II – Additional Language – Malayalam

## ML 1111.3 : ഗദ്യസാഹിത്യം

## (2021 Admission onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ശരിയായ പദം തെരഞ്ഞെടുത്തെഴുതുക :

   (a) അസന്നിഗ്ദ്ധം

   (b) അസന്ദിഗ്ദ്ധം

2. 'തെരുവീഥിയിൽ നിൽക്കുന്ന ഒരപരിചിതനെപ്പോലെ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു കവിത' എന്നു പറഞ്ഞതാര്?

3. രേഖ കെ. യുടെ വില്ലുവണ്ടി എന്ന കഥയെ ഓർമ്മിപ്പിക്കുന്ന വില്ലുവണ്ടി സമരം നടത്തിയതാര്?

4. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

   സ്റ്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

5. ലോകത്തിൽ അസ്ഥിരവും അനിശ്ചിതവുമായി ഉള്ളതെന്താണെന്നാണ് കെ.പി. കേശവ മേനോന്റെ അഭിപ്രായം.

6. തെറ്റുണ്ടെങ്കിൽ തിരുത്തുക.

   ആ വഴിക്കായിരുന്നു ഞങ്ങൾക്കു പോകേണ്ടിയിരുന്നത്

P.T.O.

Scanned with CamScanner

7. 'പ്രാലേയ വിഹാര ശൈലം' എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നത് ഏത് ദേശമാണ്?

8. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

Ancient Promises

9. മുണ്ടൂർ കൃഷ്ണൻ കുട്ടിക്ക് ഓടക്കുഴൽ അവാർഡ് നേടിക്കൊടുത്ത കൃതി.

10. എന്താണ് ലക്ഷ്യഭാഷ?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. മലയാള നോവലിന്റെ ആരംഭ ദശയെപ്പറ്റി ഒരു കുറിപ്പെഴുതുക.

12. 'തറവാട്ടിലാവുമ്പോൾ തറവാട്ടുരീതി മതി എന്നൊരാൾ എന്നെ ഓർമ്മപ്പെടുത്തിയിരുന്നു' ആ ഒരാളുടെ സാന്നിധ്യം മുണ്ടൂർ കൃഷ്ണൻ കുട്ടിയുടെ കഥയിൽ അനുഭവപ്പെടുന്നതെങ്ങനെ?

13. കുട്ടികൾക്കിടുന്ന പേരുകളുടെ രസികതയെപ്പറ്റി ഇ.വി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാം?

14. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാമാണ്?

15. ഭാഷ ഒരു മർദ്ദനോപകരണമായിത്തീരുന്നത് എപ്പോഴാണെന്നാണ് എം.എൻ. വിജയൻ അഭിപ്രായപ്പെടുന്നത്?

16. 'വേർപിരിയുമ്പോൾ അനാഥരാകുന്നത് കുഞ്ഞുങ്ങളല്ല, അമ്മമാരാണെന്ന് ഊർമ്മിള അറിഞ്ഞത് അങ്ങനെയാണ്' എങ്ങനെ?

17. 'ഇബ്ടെ സുഖത്തിനല്ല ധർമ്മത്തിനാണ് ഗൃഹസ്ഥാശ്രമം ഭോഗത്തിനല്ല ത്യാഗത്തിനാണ് ദാമ്പത്യം' - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

18. പ്രവർത്തി മാർഗ്ഗം തീർച്ചപ്പെടുത്തുന്നതിനുള്ള ഉപാധികൾ എന്തെല്ലാമാണെന്നാണ് കെ.പി. കേശവ മേനോൻ അഭിപ്രായപ്പെടുന്നത്?



Scanned with CamScanner

19. 'കൺമുന്നിൽ നേരിട്ടു കണ്ട ഒരു സത്യത്തെ മൂടി വയ്ക്കേണ്ട ഒരനുഭവം ഉണ്ട്' - ഏതാണാ അനുഭവം?

20. 'ഇത്രകാലം ആ കിഴവന്റെ ശുഷ്കിച്ചു പോയ ഹൃദയം അതിന്റെ ഞൊറികളിൽ ചില രഹസ്യങ്ങളെ ഒളിച്ചു വെച്ചിരുന്നു' - എന്തായിരുന്നു ആ രഹസ്യങ്ങൾ?

21. പള്ളിക്കുന്നിലെ തിരുവാതിരയാഘോഷത്തെക്കുറിച്ചുള്ള ടി. പത്മനാഭന്റെ ഓർമ്മകൾ എന്തെല്ലാം?

22. 'ഒരു പറ്റം ആടുകളെ മേച്ചുകൊണ്ട് ഒരു കുന്നിൻ പുറത്ത് പുൽപ്പരപ്പിൽ മലർന്നു കിടക്കുന്ന ആട്ടിടയനെ സങ്കല്പിച്ചപ്പോൾ ഉമയ്ക്ക് ഉള്ളിലൊരു തണുപ്പു തോന്നി' സന്ദർഭമെന്ത്?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഭാഷ രാഷ്ട്രീയമായ ഒരായുധമായിത്തീരും എന്ന് എം.എൻ. വിജയൻ സ്ഥാപിക്കുന്നതെങ്ങനെ?

24. വാർധക്യത്തിന്റെ നീറുന്ന പ്രശ്നങ്ങളെ 'തഹസ്സിൽദാരുടെ അച്ഛൻ' എന്ന കഥയിലൂടെ തകഴി ആവിഷ്കരിക്കുന്നതെങ്ങനെ?

25. പി.കെ.പി. നമ്പൂതിരി എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

26. ദയാബായിയുടെ വീട് പരിസ്ഥിതിയുമായി ഏറെ ഇണങ്ങുന്ന ഒന്നാണ്. സമർത്ഥിക്കുക.

27. വിലമതിക്കാനാകാത്ത നമ്മുടെ സമ്പത്തിനെപ്പറ്റി കെ.പി. കേശവമേനോന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

28. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

She found Behrman in his poorly-lighted studio. In one corner of the room stood a blank canvas which has been waiting for twenty-five years to receive the first line of the promised masterpiece. She told him of Johnsy's fancy, and how she feared she would, indeed, light and fragile as a leaf herself, float way, when her slight hold upon the world grew weaker.



Scanned with CamScanner

29. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

നമ്മുടെ നാട് ഒരു വശം കടലുകൊണ്ടും മറുവശം പർവ്വതം കൊണ്ടും തടയപ്പെട്ടതാണെങ്കിലും ലോകത്തിന്റെ അനാദിസംസ്കാരങ്ങളുമായി ബന്ധം പുലർത്തിയിരുന്ന ഒരു നാടാണ് നമ്മുടേതെന്ന് നാം ഓർക്കേണ്ടതുണ്ട്. നമ്മുടെ നാടിനെ ബന്ധനസ്ഥയാക്കാൻ ഒരു കടലും ഒരു പർവ്വതവും ശ്രമിച്ചുവെങ്കിലും അവ സംസ്കാരത്തിലേക്കുള്ള വാതിലുകളായിത്തീർന്ന് ലോകത്തിന്റെ മുഴുവൻ അറിവും മുഴുവൻ ശബ്ദവും നമ്മുടെ നാട്ടിലേക്ക് ഒഴുകി വരികയാണുണ്ടായത് എന്ന് നമുക്കറിയാം. ഇത് പ്രകൃതിയുടെയോ ചരിത്രത്തിന്റെയോ ഒരു വൈരുദ്ധ്യമാണ്.

30. പുസ്തകങ്ങൾക്ക് പേരിടുന്നതിലെ വൈഷമ്യങ്ങൾ എന്തെല്ലാമാണ്?

31. മൂന്നാമതൊരാൾ എന്ന കഥയുടെ ഭാവതലം വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. അവഗണിക്കപ്പെടുന്ന ബാല്യത്തിന്റെ വേദനകളെ കഥയിലേക്കു കൊണ്ടുവരാൻ അഷിത ശ്രമിക്കാറുണ്ട്. കാല്പാടുകൾ എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

33. സമുദായത്തിൽ നിന്ന് രാഷ്ട്രത്തിലേക്കു വളർന്ന ദേവകി മാനമ്പള്ളിയുടെ കഥയാണ് അഗ്നിസാക്ഷി. വിശദീകരിക്കുക.

34. മധ്യപ്രദേശിലെ ആദിവാസികളായ ഗോണ്ടുകളുടെ ഇടയിൽ, അവർക്കുവേണ്ടി ജീവിച്ച ദയാബായിയുടെ കലഹജീവിതം വിവരിക്കുക.

35. പള്ളിക്കുന്നിനെക്കുറിച്ചുള്ള ടി. പത്മനാഭന്റെ ഓർമ്മകൾ ക്രോഡീകരിക്കുക.

**(2 × 15 = 30 Marks)**



Scanned with CamScanner